"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - എൽ.എം.എസ് - അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 146/07 നമ്പർ കേസിലെ ജപ്തി നടപടികൾ ഒഴിവാക്കുന്നതിനായി ബാലൻസ് വിധിക്കടത്തുക തിരുവനന്തപുരം ജില്ലാ കളക്ടറുടെ സസ്പെൻസ് ഹെഡിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1512/2025/LSGD** **തീയതി, തിരുവനന്തപുരം, 19-06-2025**

---

പരാമർശം:-

1. ബഹു. തിരുവനന്തപുരം സബ് കോടതി III -ലെ എൽ.എ.ആർ 146/07 നമ്പർ കേസിലെ ഇ.പി. 124/2011 നമ്പർ കേസ്.
2. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 09/01/2025 തീയതിയിലെ എ3/1772/2015/ട്രിഡ നമ്പർ കത്ത്.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 10/02/2025 തീയതിയിലെ DCTVM/8042/2024-K9 നമ്പർ കത്ത്.
4. തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പിന്റെ 08/05/2025-ലെ ഐ.എ4/29/2023-തസ്വഭവ നമ്പർ കുറിപ്പ്.

**<u>ഉത്തരവ്</u>**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി എൽ.എം.എസ്. - അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ 0.48 ആർ വസ്തു ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 146/07 നമ്പർ കേസിലെ ജപ്തി നടപടികൾ ഒഴിവാക്കുന്നതിനായി ബാലൻസ് വിധിക്കടത്തുകയുടെ 50% തുകയായ 27,20,986/- രൂപ (ഇരുപത്തിയേഴ് ലക്ഷത്തി ഇരുപതിനായിരത്തി തൊള്ളായിരത്തി എൺപത്തിയാറ് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (2) & (3) എന്നിവ പ്രകാരം യഥാക്രമം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയും തിരുവനന്തപുരം ജില്ലാ കളക്ടറും അഭ്യർത്ഥിക്കുകയുണ്ടായി.

2) തലസ്ഥാന നഗര വികസന പദ്ധതിയുടെ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 146/07 നമ്പർ കേസിലെ ജപ്തി നടപടികൾ ഒഴിവാക്കുന്നതിനായി ബാലൻസ് വിധിക്കടത്തുകയുടെ 50% തുകയായ 27,20,986/- രൂപ (ഇരുപത്തിയേഴ് ലക്ഷത്തി ഇരുപതിനായിരത്തി തൊള്ളായിരത്തി എൺപത്തിയാറ് രൂപ മാത്രം) തിരുവനന്തപുരം ജില്ലാ കളക്ടറുടെ സസ്പെൻസ് ഹെഡിൽ നിന്നും അനുവദിക്കുന്നതിനായി '8674-00-101-99 Deposit of decretal amount in courts for staying execution of decrees' എന്ന

ശീർഷകത്തിന്റെ Expenditure Ceiling ചുവടെ പട്ടികയിൽ പറയും പ്രകാരം ക്രമീകരിച്ചിട്ടുണ്ടെന്ന് പരാമർശം (4) പ്രകാരം തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ് അറിയിക്കുകയുണ്ടായി.

*(Rs.in Lakh)*

| *Expenditure till date* | *Current Ceiling* | *Presently Required Amount* | *Revised Expenditure Ceiling* |
|---|---|---|---|
| *A* | *B* | *C* | *D [B+C]* |
| *184.24* | *222* | *27.21* | *249.21* |

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 146/07 നമ്പർ കേസിലെ ജപ്തി നടപടികൾ ഒഴിവാക്കുന്നതിനായി ബാലൻസ് വിധിക്കടത്തുകയുടെ 50% തുകയായ 27,20,986/- രൂപ (ഇരുപത്തിയേഴ് ലക്ഷത്തി ഇരുപതിനായിരത്തി തൊള്ളായിരത്തി എൺപത്തിയാറ് രൂപ മാത്രം) തിരുവനന്തപുരം ജില്ലാ കളക്ടറുടെ സസ്പെൻസ് ഹെഡായ '8674-00-101-99 Deposit of decretal amount in courts for staying execution of decrees' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നിസ്സാം എസ് എ**

**ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം.
സ്പെഷൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/120/2025/ത.സ്വ.ഭ.വ.)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 19-06-2025 15:46:54

സെക്ഷൻ ഓഫീസർ